File No.FWLD-A2/49/2018-FWLD

13537
13/7/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - 1962 ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടപ്രകാരമുള്ള വകുപ്പുതല പ്രായോഗിക പരിശീലനം തൃപ്തികരമായി പൂർത്തീകരിക്കാത്തതുമായി ബന്ധപ്പെട്ട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ട്രെയിനിയായ ശ്രീമതി. പ്രിയ.ആർ.ദേവിക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.329/2018/വനം** തീയതി,തിരുവനന്തപുരം, 09/07/2018

---

പരാമർശം:- 1 കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 03.06.2009 ലെ RIC (1)15714/09/GW നമ്പർ കത്ത്.

2 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ 13.04.2016 ലെ ഡി1-22675/2007 നമ്പർ കത്ത്

3 ശ്രീമതി.പ്രിയ.ആർ.ദേവി ഫയൽ ചെയ്ത ഒ.എ. 326/2014 മേൽ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.10.2016-ലെ വിധിന്യായം

4 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ 10.05.2017 ലെ ഡി1-22675/2007 നമ്പർ കത്ത്

5 സർക്കാരിന്റെ 16.08.2017 ലെ FWLD-A2/42/2017/FWLD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

6 ശ്രീമതി.പ്രിയ.ആർ.ദേവി ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1818/2017 മേൽ ട്രിബ്യൂണലിന്റെ 04.10.2017 ലെ വിധിന്യായം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 19.03.2018 ലെ ഡി1-22675/2007 നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

2010-11 ബാച്ച് ഫോറസ്റ്റ് റെയിഞ്ചേഴ്സ് കോഴ്സിനായി പരാമർശം (1) പ്രകാരം അഡ്വൈസ് ലഭിച്ച ശ്രീമതി.പ്രിയ.ആർ.ദേവി 18 മാസത്തെ ഫോറസ്റ്റ് റെയിഞ്ചേഴ്സ് കോഴ്സ് മധ്യപ്രദേശിലെ ബാലഘട്ട് ഫോറസ്റ്റ് റെയിഞ്ചേഴ്സ് കോളേജിൽ വച്ച് പൂർത്തിയാക്കിയ ശേഷം 05.01.2012 ൽ ഡ്യൂട്ടിക്ക് ഹാജരായിരുന്നു. അതിനുശേഷം 1962-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടം 9 (എഫ്) പ്രകാരം 52 ആഴ്ചത്തെ പ്രായോഗിക പരിശീലനത്തിന് നിയോഗിച്ചുകൊണ്ട് ഉത്തരവായിരുന്നു.

2) പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി 8 ആഴ്ച തിരുവനന്തപുരം ഡിവിഷന്റെ കീഴിലുള്ള പരുത്തിപ്പള്ളി റെയിഞ്ചിലും പുനലൂർ ഡിവിഷൻ, പുനലൂർ വർക്കിംഗ് പ്ലാൻ, റിസർച്ച് സൗത്ത്, എന്നീ ഓഫീസുകളിലും നിയോഗിച്ചിരുന്നുവെങ്കിലും, അർപ്പിതമായ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ പരാജയപ്പെട്ടുവെന്നും ബന്ധപ്പെട്ട പരിശീലന കാലം തൃപ്തികരമായി പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടതിനാൽ ശ്രീമതി.പ്രിയ.ആർ.ദേവിയെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. എന്നാൽ പുതുതായി സർവ്വീസിൽ പ്രവേശിച്ച വ്യക്തിയെന്ന നിലയിൽ ഉദാരമായ സമീപനം സ്വീകരിച്ച് ഇനിയും പൂർത്തിയാക്കാനുണ്ടായിരുന്ന 4 4 ആഴ്ചത്തെ പ്രായോഗിക പരിശീലനത്തിന് നിയോഗിച്ചു കൊണ്ട് ഉത്തരവായിരുന്നു. എന്നാൽ അതിനുള്ള ഉത്തരവ് കൈപ്പറ്റിയെങ്കിലും പരിശീലനത്തിന് നിയോഗിച്ചിരുന്ന കോന്നി റെയിഞ്ചിലും ഹാജരായിട്ടില്ലായെന്ന് കോന്നി ഡിവിഷണൽ ഫോറസ്റ്റോഫീസറും ദക്ഷിണ മേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും റിപ്പോർട്ട് ചെയ്യുകയുണ്ടായി. മേൽ കാരണത്തിന് ശ്രീമതി.പ്രിയ.ആർ.ദേവിയെ സർവ്വീസിൽ നിന്നും വീണ്ടും സസ്പെന്റ് ചെയ്തിരുന്നു.

3) സർക്കാർ നിർദ്ദേശമനുസരിച്ച് 13.07.2015 ൽ ടിയാളുടെ സസ്പെൻഷൻ പിൻവലിച്ച് ഉത്തരവായി. വകുപ്പുതല പ്രായോഗിക പരിശീലനം യഥാവിധി പൂർത്തിയാക്കേണ്ടതാണെന്ന് ടി ഉത്തരവ് നിഷ്കർഷിച്ചിരുന്നു. ആകെ കാലയളവിലെ പൂർത്തിയാക്കാനുള്ള ബാക്കി 1 6 ആഴ്ചത്തെ പ്രായോഗിക പരിശീലനത്തിൽ പങ്കെടുക്കുവാൻ 03.11.2015-ൽ ഉത്തരവ് നൽകിയിരുന്നു. എന്നാൽ പരിശീലന കാലാവധി പൂർത്തിയാക്കാനുള്ള ഉത്തരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി.പ്രിയ.ആർ.ദേവി സർക്കാരിൽ നിവേദനം സമർപ്പിച്ചിരിന്നു.

4) ടി വിഷയം സർക്കാർ പരിഗണനയിലിരിക്കെ ശ്രീമതി.പ്രിയ.ആർ.ദേവി 11.11.2015-ന് പരുത്തിപ്പള്ളി റെയിഞ്ചിൽ ഹാജരായി ജോയിനിംഗ് റിപ്പോർട്ട് നൽകിയശേഷം റെയിഞ്ച് വിട്ടുപോകുകയും പിന്നീട് പ്രായോഗിക പരിശീലനത്തിന് ഹാജരാകാതിരിക്കുകയും ചെയ്തിട്ടുള്ളതാണെന്നും ശേഷിക്കുന്ന പ്രായോഗിക പരിശീലനം പൂർത്തിയാക്കുവാൻ രജിസ്റ്റേർഡ് കത്തിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും ടി കത്ത് കൈപ്പറ്റാൻ ടിയാൾ വിസമ്മതിച്ചെന്നും ടി സാഹചര്യത്തിൽ ടിയാളെ പ്രായോഗിക പരിശീലനത്തിൽ നിന്നും താൽക്കാലിക സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും പരാമർ ശം (2) പ്രകാരംഅഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്തു. അതേ സമയം 1 6 ആഴ്ചത്തെ പ്രായോഗിക പരിശീലനത്തിൽ പങ്കെടുക്കുന്നതിനുള്ള ഉത്തരവിൽ പ്രതിഷേധിച്ച ശ്രീമതി. പ്രിയ.ആർ.ദേവി ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.326/14 ന്മേൽ ട്രിബ്യൂണലിന്റെ പരാമർ ശം ( 3 ) പ്രകാരമുള്ള വിധിന്യായത്തിൽ ഇനിയും പൂർത്തീകരിക്കാനുള്ള ട്രെയിനിംഗിന് ഒരിക്കൽ കൂടി ശ്രീമതി.പ്രിയ.ആർ.ദേവിയെ നിയോഗിക്കുവാൻ ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 28.11.2016 മുതൽ 1 6 ആഴ്ചത്തെ ട്രെയിനിംഗിനായി ടിയാളെ നിയോഗിച്ചുകൊണ്ട് ഉത്തരവായിരുന്നു.

5) ടി ഉത്തരവിന്മേൽ 8 ആഴ്ച മാത്രമേ ട്രെയിനിംഗ് ടിയാൾ പൂർത്തിയാക്കിയിരുന്നുള്ളൂ. മേൽ സാഹചര്യത്തിൽ, പ്രായോഗിക പരിശീലനം

പൂർത്തീകരിക്കുവാൻ അഞ്ച് പ്രാവശ്യം അവസരം നൽകിയിരുന്നുവെങ്കിലും മനഃപൂർവ്വം ടിയാൾ പ്രായോഗിക പരിശീലനത്തിൽ നിന്നും വിട്ടു നിന്നതിനാൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം നൽകുവാൻ കഴിയില്ല എന്നതിനാൽ ടിയാളുടെ താൽക്കാലിക നിയമനം അവസാനിപ്പിച്ച് സർക്കാർ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പരാമർശം (4) പ്രകാരം അഡീഷണൽ പ്രിൻസിപ്പിൽ ചീഫ് കൺസർവേറ്റർ (ഭരണം) ശുപാർശ ചെയ്തു.

6)മേൽ സാഹചര്യങ്ങൾ വിശദമായി വിലയിരുത്തി ശ്രീമതി.പ്രിയ.ആർ.ദേവിയ്ക്ക് കെ.എസ്.& എസ്.ആർ ഭാഗം 2 ചട്ടം 10 (ബി) (iii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ സർക്കാർ താൽക്കാലികമായി തീരുമാനിക്കുകയും ആയതിനു പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

7) അതേ സമയം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീമതി.പ്രിയ ആർ ദേവി ഫയൽ ചെയ്ത ഒ.എ. 1818/2017 നമ്പർ കേസിലെ പരാമർശം ( 6 ) പ്രകാരമുള്ള ഇടക്കാലവിധി പ്രകാരം ടിയാൾക്ക് ട്രെയിനിംഗ് പരിശീലനം പൂർത്തിയാക്കുന്നതിന് വേണ്ട ബാക്കി കാലയളവ് 10 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കുവാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് നിർദ്ദേശിച്ചു. ആയതിൻ പ്രകാരം ട്രെയിനിംഗ് പൂർത്തിയാക്കുവാൻ ബാക്കിയുണ്ടായിരുന്നു. 4 ആഴ്ചത്തെ ട്രെയിനിംഗ് പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഉത്തരവ് പുറപ്പെടുവിച്ചു.

8)ശ്രീമതി.പ്രിയ.ആർ.ദേവി ചട്ടപ്രകാരമുള്ള പ്രായോഗിക പരിശീലനം പൂർത്തിയാക്കിയിട്ടുള്ളതിനാൽ നിയമാനുസൃതമുള്ള നിയമനം നൽകണമെന്ന് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 09.03.2018 ലെ വിധിന്യായത്തിൽ വ്യക്തമാക്കിയതു പ്രകാരം പ്രിൻസിപ്പിൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്ററ് പരാമർ ശം (7) പ്രകാരം വിധിന്യായം നടപ്പിൽ വരുത്തി ശ്രീമതി.പ്രിയ.ആർ.ദേവിയെ പുനലൂർ വർക്കിങ് പ്ലാൻ ഡിവിഷനിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമിച്ച്

ഉത്തരവായി.

9) മേൽ സാഹചര്യത്തിൽ ശ്രീമതി.പ്രിയ.ആർ.ദേവിയെ KS & SSR പാർട്ട് 2 ചട്ടം 10(ബി)(iii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ച് പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച കാരണം കാണിക്കൽ നോട്ടീസ് റദ്ദാക്കി ടിയാൾക്കെതിരെ അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീമതി.പ്രിയ.ആർ.ദേവി, ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ.

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം (with Covering Letter)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ